പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2541 14.12.2015-ൽ മറുപടിക്ക്

**ഞാറക്കൽ ആശുപത്രിയിലെ കാഷ്വാലിറ്റി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്.ശർമ്മ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഞാറക്കൽ ആശുപത്രിയിൽ ഡോക്ടർമാരുടെ അഭാവം മൂലം കാഷ്വാലിറ്റി സേവനം തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) രാത്രികാല സേവനവും കാഷ്വാലിറ്റി സേവനവും തടസ്സപ്പെടുന്നത് ഒഴിവാക്കാൻ നടപടിയൊന്നും സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;<br><br>(സി) പകരം ഡോക്ടർമാരെ നിയമിക്കാതെ നിലവിലുള്ളവരെ വിട്ടുതൽ ചെയ്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;<br><br>(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (എ), (ബി), (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാറയ്ക്കൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ 3 ഒഴിവുകളുണ്ടാകുകയും, ഒഴിവുകളിൽ ഒരെണ്ണം കേഡർമാറ്റം വഴിയും ഒരെണ്ണം സ്വമേധയാ രാജി വച്ച് ഒഴിഞ്ഞു പോയതിനാലും പകരം ആളിനെ നിയമിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും രാത്രികാല സേവനവും കാഷ്വാലിറ്റി സേവനവും തടസ്സപ്പെടുവാനിടയാവുകയും ചെയ്തു. മൂന്നാമത്തെ ഒഴിവ് സ്ഥലംമാറ്റം വഴി ഉണ്ടായതാണ്. സ്ഥലംമാറ്റം വഴി പോയ ആളിനു പകരം ഡോക്ടറെ നിയമിച്ചിട്ടുണ്ട്. മറ്റ് ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറിനെയും നിയമിച്ചിട്ടുണ്ട്. അതോടൊപ്പം എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഓരോ ഡോക്ടർമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ ഞാറക്കൽ ആശുപത്രിയിൽ നിയമിച്ചും ടി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. |

Sobhu

സെക്ഷൻ ഓഫീസർ